വൈഡ് ഏരിയാ നെറ്റ്‌വർക്ക് പ്രോജക്ടിന്റെ പ്രവർത്തനം

61 [3069] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ആഫീസ്, വികാസ് ഭവൻ, സെക്രട്ടേറിയറ്റ് തുടങ്ങിയ തന്ത്രപ്രധാന സർക്കാരാഫീസുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള 'വാൻ' (വൈഡ് ഏരിയ നെറ്റ്‌വർക്ക്) പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കേബിളിംഗ്, ഫർണിച്ചർ, ഇലക്ട്രിഫിക്കേഷൻ കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങിയ ഇനത്തിൽ ഇതിനകം ചെലവഴിച്ച തുക എത്ര വീതമെന്ന് ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റും പബ്ലിക് ആഫീസ്, വികാസ് ഭവൻ തുടങ്ങിയ സർക്കാരാഫീസുകളും വൈഡ് ഏരിയ നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിച്ച് സെക്രട്ടേറിയറ്റ് വാൻ എന്ന പേരിൽ പ്രവർത്തന സജ്ജമാക്കുവാൻ ഉദ്ദേശിക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുടെ രൂപീകരണത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ വിവിധ ഡിപ്പാർട്ടുമെന്റിലെ സെക്ഷനുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും സ്ഥാപിച്ചു വരുന്നു. പ്രസ്തുത കമ്പ്യൂട്ടർ ശൃംഖല പ്രവർത്തിക്കുവാൻ ആവശ്യമായ സോഫ്റ്റ്‌വെയർ നിർമ്മിക്കുവാൻ ഈ രംഗത്ത് പ്രവർത്തന പാരമ്പര്യമുള്ള കമ്പനികളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റ് വാൻ പദ്ധതിക്ക് ഉതകുംവിധം സെക്രട്ടേറിയറ്റിലെ വിവിധ ഡിപ്പാർട്ടുമെന്റുകൾ രൂപപ്പെടുത്തിയെടുക്കുന്ന റീഫർബിഷിംഗ് പണികൾ അവസാനഘട്ടത്തിലാണ്. സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർവൽക്കരിക്കുമ്പോൾ ആവശ്യമാകുന്ന അധിക വൈദ്യുതി ലഭ്യമാക്കുന്നതിന് സെക്രട്ടേറിയറ്റ് പരിസരത്ത് ഒരു പുതിയ ട്രാൻസ്‌ഫോർമർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ ജോലികൾ നടന്നുവരുന്നു. കൂടാതെ KSEB-യിൽ നിന്ന് 150 KVA വൈദ്യുതി അധികമായി ലഭ്യമാക്കുന്നതിനായുള്ള പണികളും നടന്നുവരുന്നു. കമ്പ്യൂട്ടറുകൾക്കാവശ്യമായ വൈദ്യുതി തടസ്സം കൂടാതെ ലഭിക്കുന്നതിനായി ഒരു കേന്ദ്രീകൃത യു.പി.എസ്സ്. സിസ്റ്റം സ്ഥാപിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പദ്ധതിയ്ക്ക് ആവശ്യമായ കേബിളിംഗ് ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റ് വാൻ പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ വിവിധയിനത്തിൽ ചിലവഴിച്ച തുക ചുവടെ ചേർക്കുന്നു:

(a)	കേബിളിംഗ്	..	19,29,008 രൂപ
(b)	ഫർണിച്ചർ, റീഫർബിഷിംഗ്	..	3,48,77,000 ,,
(c)	ഇലക്ട്രിഫിക്കേഷൻ, സിവിൽ വർക്ക്സ്, കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ, സോഫ്റ്റ്‌വെയർ എന്നിവ	..	3,95,19,015 ,,

LIBRARY ARCHIVES Kerala Legislative Assembly